പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3068 — 15.12.2015 -ൽ മറുപടിക്ക്

**എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് പദ്ധതി**

ചോദ്യം

**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.പി.സി.വിഷ്ണുനാഥ്**
**ശ്രീ.എം.എ.വാഹീദ്**
**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**

മറുപടി

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(എ) എ.പി.എൽ വിഭാഗക്കാരിൽ പിന്നാക്കം നില്ക്കുന്നവർക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി അവരെ എ.പി.എൽ (എസ്.എസ്) വിഭാഗത്തിൽ ഉൾപ്പെടുത്തി 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു.

(ബി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(ബി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം, സംസ്ഥാനത്തിന് അനുവദിച്ച ബി.പി.എൽ വിഭാഗത്തിൽ നിന്നും പുറത്തായിട്ടുള്ള താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

(സി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഈ പദ്ധതി 2009 മെയ് 22-ാം തീയതിയിലാണ് ആരംഭിച്ചത്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 41,53,067 കുടുംബങ്ങൾക്കാണ്. പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് ഈ പദ്ധതിയിൽ തുടക്കത്തിൽ പ്രയോജനം ലഭിച്ചത്. എന്നാൽ ഇപ്പോൾ എ.പി.എൽ വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികൾ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ, ഖാദി, ചെറുകിട തോട്ടം തുടങ്ങിയ മേഖലകളിലെ മുഴുവൻ കൂലിവേലക്കാർക്കും ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടി 2 രൂപ പദ്ധതി വ്യാപിപ്പിച്ചു.

ഈ പദ്ധതി എ.പി.എൽ വിഭാഗത്തിൽപ്പെട്ട കൂടുതൽ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചതിനെ തുടർന്ന് അനുബന്ധമായി ചേർത്തിരിക്കുന്ന വിഭാഗങ്ങൾക്ക് രണ്ടു രൂപ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

1. പട്ടിക ജാതി
2. പട്ടികവർഗ്ഗം
3. മത്സ്യത്തൊഴിലാളി
4. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ
5. കയർത്തൊഴിലാളി
6. കശുവണ്ടിത്തൊഴിലാളി
7. കർഷകത്തൊഴിലാളി
8. ഖാദിത്തൊഴിലാളി
9. കൈത്തറിത്തൊഴിലാളി
10. പനമ്പ് തൊഴിലാളി
11. ഈറ്റത്തൊഴിലാളി
12. തോട്ടം തൊഴിലാളി
13. ബീഡിത്തൊഴിലാളി
14. തഴപ്പായനിർമ്മാണത്തൊഴിലാളി
15. മൺ പാത്ര നിർമാണത്തൊഴിലാളി
16. തൊഴിലുറപ്പു പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തവർ
17. ~~പരമ്പരാഗത ആഭരണ നിർമാണ~~ തൊഴിലാളി
18. ഓട്ടു കമ്പനി തൊഴിലാളി
19. ഓട്ടോമൊബൈൽ റിപ്പയറിംഗ് തൊഴിലാളി
20. സ്കൂൾ ശുചീകരണ / പാചക തൊഴിലാളി
21. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളി
22. ഓട്ടോ റിക്ഷാ തൊഴിലാളി
23. ഇ. പി.എഫ്. പെൻഷൻകാർ
24. നിർമ്മാണ തൊഴിലാളി
25. കള്ളുവ്യവസായ തൊഴിലാളി
26. വികലാംഗർ
27. പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ
28. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളി, ചുമട്ടു തൊഴിലാളി
29. മോട്ടോർ തൊഴിലാളി
30. കരകൗശലരംഗത്തെ തൊഴിലാളി
31. കശുവണ്ടി തോട്ടം തൊഴിലാളി
32. തയ്യൽ തൊഴിലാളി
33. സർക്കാരിതര ഖാദി ജീവനക്കാർ
34. ക്ഷീരകർഷകർ
35. പെയിന്റിംഗ് തൊഴിലാളി
36. വൃദ്ധ സദനങ്ങൾ
37. പേപ്പർ വ്യവസായം (കൈത്തൊഴിൽ)
38. മദ്രസ അദ്ധ്യാപകർ
39. ഗാർഹിക തൊഴിലാളി
40. അഭയയിലെ അന്തേവാസികൾ

സെക്ഷൻ ഓഫീസർ